# <u>കെ.എസ്.ഐ.ഡി.സി</u>

## *പത്രക്കുറിപ്പ്*

**12-01-2023**
**വ്യാഴം**

### റബർ, ആയൂർവേദം, ഉത്പാദന മേഖലകളിൽ ഓസ്ട്രേലിയയുമായി സഹകരണ ധാരണ

തിരുവനന്തപുരം: ഓസ്ട്രേലിയ-ഇന്ത്യ സാമ്പത്തിക സഹകരണ-വ്യാപാര കരാറിന്റെ (AlECTA) സാധ്യതകൾ കേരളത്തിൽ നടപ്പാക്കാൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി), ഓസ്ട്രേലിയ ഇന്ത്യ ബിസിനസ് കൗൺസിലുമായി (എഐബിസി) ചർച്ച നടത്തി. ഓസ്ട്രേലിയയിലെ എൻഎസ് ഡബ്ളിയു മുൻ പ്രതിപക്ഷ നേതാവും കാബിനറ്റ് മന്ത്രിയുമായ ജോഡി മക്കേ പങ്കെടുത്തു. യോഗത്തിൽ വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷനായി. സംസ്ഥാനത്തെ 30 പ്രധാന വ്യവസായ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ അറിയിച്ചു.

റബർ വ്യവസായം, ആരോഗ്യ സംരക്ഷണം, വെൽനെസ്, ഉത്പാദന മേഖല, ഭക്ഷ്യ സംസ്ക്കരണം, ആയുർവേദം എന്നി മേഖലകളിൽ ഓസ്ട്രേലിയൻ സർക്കാർ കേരളവുമായി സഹകരിക്കാൻ ധാരണയായി. തേങ്ങ,റബർ ഉൽപന്നങ്ങൾക്ക് ഓസ്ട്രേലിയിലേക്കുള്ള കയറ്റുമതി സുഗമമാക്കാനും ആവശ്യമുയർന്നു. കേരളവും ഓസ്ട്രേലിയയും തമ്മിൽ കൂടുതൽ വ്യാപാര- വ്യവസായിക ബന്ധങ്ങൾ ചർച്ച ചെയ്യാൻ കേരള പ്രതിനിധികളെ ഓസ്ട്രേലിയയിലേക്ക് ജോഡി ജോഡി മക്കേ ക്ഷണിച്ചു.

ഇൻഡസ്ട്രീസ് & നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐഎഎസ്, കെഎസ്ഐഡിസി എം.ഡി ആൻഡ് ഡയറക്ടർ (ഇൻഡസ്ട്രീസ് & കൊമേഴ്സ്) എസ്. ഹരികിഷോർ ഐഎഎസ് എന്നിവർ സംസാരിച്ചു. നാഷണൽ അസോസിയേറ്റ് ചെയർ ആൻഡ് എൻഎസ് ഡബ്ല്യു പ്രസിഡന്റ് ഇർഫാൻ മാലിക് മോഡറേറ്ററായി.

മാനേജിങ് ഡയറക്ടർ

കെ.എസ്.ഐ.ഡി.സി